'നറോറ' എന്ന സ്ഥലത്ത് ഇന്ത്യയുടെ നാലാമത്തെ അണുവൈദ്യുതീനിലയം പണിതുകൊണ്ടിരിക്കുകയാണ്.

അണുവൈദ്യുതീ നിർമാണരംഗത്ത് ഇന്ത്യയുടെ പുരോഗതി എത്ര സാവധാനത്തിലാണ് എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. ഇനിയും വളരെ കാലത്തേക്ക് നാം പഴയ ഊർജസ്രോതസ്സുകളെ—വിറക്, കല്ക്കരി, എണ്ണ എന്നിവയെ—തന്നെ ആശ്രയിക്കേണ്ടിവരും. ചാണകം, നഗരങ്ങളിലെ മലവും ചവറുകളും മുതലായവയിൽനിന്ന് ഗ്യാസ് നിർമിക്കുന്നതിനുള്ള ശ്രമങ്ങൾ നാം ഊർജിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സാമൂഹ്യവനങ്ങൾ വളർത്തി വിറകിന്റെ ക്ഷാമം പരിഹരിക്കാനും പരിപാടികൾ ഉണ്ട്. ഈയാണ്ടിലെ മഴക്കാലത്ത് ഇന്ത്യയിൽ പല സ്ഥലങ്ങളിലും ഒരു ബഹുജന പ്രസ്ഥാനമായി മരം നടൽ സംഘടിപ്പിക്കപ്പെട്ടിരുന്നു. ഇരുപത്തൊന്നാം നൂററാണ്ടിന്റെ തുടക്കത്തിലും, ഇന്ത്യയിൽ നാം ഉപയോഗിക്കുന്ന ഊർജത്തിന്റെ അതിലഘുവായ ഒരംശമേ അണുവൈദ്യുതീനിലയങ്ങളിൽ ഉല്പാദിപ്പിക്കപ്പെടൂ എന്നാണു ന്യായമായും കരുതേണ്ടത്.

കേരളത്തിൽ ഒരു അണുവൈദ്യുതീനിലയം സ്ഥാപിച്ചുകിട്ടുന്നതിന് താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും, ഈ നിലയം ഇടുക്കി ജില്ലയിൽ സ്ഥാപിക്കുമെന്നും മററും നമ്മുടെ വിദ്യുച്ഛക്തി മന്ത്രി ശ്രീ ബാലകൃഷ്ണപിള്ള ഈയിടെ പ്രസ്താവിക്കുകയുണ്ടായല്ലോ. മന്ത്രിയുടെ ഈ പ്രസ്താവനകൾക്ക് എത്രമാത്രം വില നൽകണമെന്ന്, മുൻപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ നമുക്കോരോരുത്തർക്കും തീരുമാനിക്കാവുന്നതേയുള്ളൂ.

14 ആഗസ്റ്റ്, 1982

# 107. ഒരു കമ്പനിയും ഒരു സർക്കാരും കുറെ ജനങ്ങളും

'കുലത്തെ രക്ഷിക്കേണമൊരാളെയുപേക്ഷിച്ചും,
കുലത്തെയുപേക്ഷിച്ചും ഗ്രാമത്തെ രക്ഷിക്കേണം
രാജ്യത്തെ രക്ഷിക്കേണം ഗ്രാമത്തെയുപേക്ഷിച്ചും
രാജ്യത്തെയുപേക്ഷിച്ചുമാത്മാവെ രക്ഷിക്കേണം'

എന്ന് മഹാഭാരതത്തിൽ വ്യാസൻ പറഞ്ഞിട്ടുണ്ട്. ഇതിൽ അവസാനത്തെ വരിക്ക് 'രാജ്യത്തെയുപേക്ഷിച്ചും കമ്പനി രക്ഷിക്കേണം' എന്നൊരു പാഠഭേദം ഈയിടെ നടപ്പിലായിട്ടുണ്ടെന്നു തോന്നുന്നു. ഉപേക്ഷിക്കപ്പെടുന്ന രാജ്യം കേരളമാണ്; ആ രാജ്യത്തെ ഉപേക്ഷിച്ചും രക്ഷിക്കപ്പെടുന്ന കമ്പനി കോഴിക്കോട്ട് മാവൂരിലെ ഗ്വാളിയർ റയൺസും.

മുള വേവിച്ച് നാരെടുത്തു നൂററ് കൃത്രിമപ്പട്ടുണ്ടാക്കാൻ വേണ്ടിയാണ് ഗ്വാളിയർ റയൺസ് മാവൂരിൽ ഒരു ഫാക്ടറി സ്ഥാപിച്ചത്. കേരളത്തിലെ വനങ്ങളിൽ മുള ധാരാളമുണ്ടായിരുന്നു. വലിയ മൂലധനം മുടക്കിയാണ് ഗ്വാളിയർ റയൺസ് മാവൂരിൽ ഫാക്ടറി സ്ഥാപിക്കുന്നതെന്നും അറിയാമായിരുന്നു. പുതുതായി രൂപംകൊണ്ട കേരളത്തിൽ തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇവിടെ ധാരാളം വ്യവസായങ്ങൾ സ്ഥാപിച്ച് ആളുകൾക്കു ജോലി കൊടുക്കണമെന്ന ആഗ്രഹവുമുണ്ടായിരുന്നു. വ്യവസായമന്ത്രിയായിരുന്ന ടി. വി. തോമസ് ഇന്ത്യയിലെ മുതലാളിമാരിൽ പ്രഥമഗണനീയനായ ബിർളയെ മാവൂരി

ലേക്കു വിളിച്ചുകൊണ്ടു വന്നതു് ആ സാഹചര്യത്തിലാണു്. ബിർളയുടെ എല്ലാ ആവശ്യങ്ങളും ഉദാരതയോടെ നിറവേററിക്കൊടുത്തു. അതിനായി ഖജനാവിലെ പണം വാരിക്കോരി ചെലവഴിച്ചു. ഷൊർണൂരിൽനിന്നു് എറണാകുളംവരെ തീവണ്ടിപ്പാതയുണ്ടാക്കാൻ കൊച്ചി സർക്കാർ ചെലവഴിച്ചതിലധികം പണം കോഴിക്കോട്ടുനിന്നു് മാവൂർവരെ ബിർളാക്കമ്പനിക്കുവേണ്ടി റോഡുണ്ടാക്കാൻ കേരളസർക്കാർ ചെലവഴിച്ചു. കേരളത്തിലെ കാടുകളിലെ മുളമുഴുവൻ ടണ്ണിനു പത്തുരൂപ നിരക്കിൽ ബിർള കമ്പനിക്കു് കുത്തകയായി കൊടുത്തു. ഈ വിലയ്ക്കു യാതൊരർത്ഥവുമുണ്ടായിരുന്നില്ല. കാരണം, മുള തൂക്കിനോക്കി വില വാങ്ങുക സാധ്യമായിരുന്നില്ല. കമ്പനിക്കാർ മുള വെട്ടുക, അവർ കൊടുക്കുന്ന വില സർക്കാർ വാങ്ങുക എന്നതായിരുന്നു നിയമം.

ഇപ്പോൾ ഈ നിയമം ഇല്ല. കേരളത്തിൽ മുള ഇല്ലാതായിരിക്കുന്നു. മുളയ്ക്കു പകരം ഉപയോഗിക്കാവുന്ന യൂക്കാലിപ്ടസ് മരങ്ങൾ നട്ടു വളർത്താൻ തരിശായ വനപ്രദേശങ്ങൾ കമ്പനിക്കു കൊടുക്കുകയാണു് ഇപ്പോൾ ചെയ്തിട്ടുള്ളതു്. കമ്പനിയെ ഇക്കാര്യത്തിൽ വനംവകുപ്പും സഹായിക്കുന്നു; അവരും മറെറാന്നിനും കൊള്ളാത്ത, മണ്ണൊലിപ്പു് ഉളവാക്കുന്ന യൂക്കാലിപ്ടസ് കാടുകൾ വെച്ചുപിടിപ്പിക്കുന്നു.

ഇനി ജോലിയുടെ കാര്യം. കുറച്ചുപേർക്കു ജോലി കിട്ടിയെന്നതു ശരിയാണു്. പക്ഷേ, കൂടുതൽ തൊഴിലാളികൾ ആവശ്യമില്ലാത്തതാണു് മാവൂരിലെ ഉല്പാദനം. മുളയോ മരമോ കൊണ്ടുവരിക; നുറുക്കി രാസവസ്തുക്കൾ ഉപയോഗിച്ചു വേവിച്ചു് അരച്ചു് കടലാസ്സു് ബോർഡുകളാക്കി മാററുക. യു. പി. യിലെ ഗ്വാളിയറിലേക്കു കയററിയയയ്ക്കുക—ഇത്രയുമാണു് മാവൂരിൽ നടക്കുന്നതു്. ഇതു് ഏറെക്കുറെ മുഴുവനും യന്ത്രവൽകൃതവും സ്വനിയന്ത്രിതവുമാണു്. അതിനാൽ, മുടക്കിയ മൂലധനവും ഉല്പാദനവും അപേക്ഷിച്ചു നോക്കുമ്പോൾ, ജോലി കിട്ടുന്നതു് നന്നെ കുറച്ചുപേർക്കു മാത്രമാണു്.

മാവൂരിൽ നിർമിച്ച ബോർഡുകളിൽനിന്നു, നാരുകൾ വേർതിരിക്കുന്നതും നൂൽക്കുന്നതും നെയ്യുന്നതും എല്ലാം വേറെ സ്ഥലങ്ങളിലാണു് ഗ്വാളിയറിലും മററും. ഈ പ്രക്രിയകളിലാണു കൂടുതൽ ആളുകൾക്കു ജോലി കിട്ടുക. ആ ഗുണം കേരളീയർക്കു ലഭിക്കരുതെന്നു്, അല്ലെങ്കിൽ മററു ചില പ്രദേശങ്ങളിലുള്ളവർക്കു ലഭിക്കണമെന്നു് ബിർള കമ്പനിക്കാർ ഉദ്ദേശിച്ചിരിക്കാം. ഇക്കാര്യത്തിൽ യൂറോപ്യൻ സാമ്രാജ്യത്വ സർക്കാരുകളുടെ നയമാണു് കമ്പനിയും പിന്തുടർന്നതു്. അസംസ്കൃത സാധനങ്ങൾ കോളനികളിൽ ഉല്പാദിപ്പിക്കുക; അവയുപയോഗിച്ചു് സംസ്കരണ വ്യവസായങ്ങൾ മാതൃരാജ്യങ്ങളിൽ സ്ഥാപിക്കുക ഇതാണല്ലോ ബ്രിട്ടനെപ്പോലുള്ള സാമ്രാജ്യത്വ സർക്കാരുകൾ ചെയ്തുപോന്നതു്. ഗ്വാളിയർ റയോൺസും അതുതന്നെ ചെയ്തുകൊണ്ടിരിക്കുന്നു.

നമ്മുടെ വനങ്ങളിലെ മുളയും മരവുമുപയോഗിച്ചു നിർമിച്ച റയോൺ നൂലുകൾ തിരികെ നമുക്കു കിട്ടിയിരുന്നെങ്കിൽ, ഈ നൂലുകൾ ഉപയോഗിച്ചു കേരളത്തിലെ വിദഗ്ദ്ധരായ നെയ്ത്തുകാർ സാരികളും സ്യൂട്ടിങ്ങുകളും നെയ്തുണ്ടാക്കുമായിരുന്നു. തകർന്നുകൊണ്ടിരിക്കുന്ന നമ്മുടെ കൈത്തറി വ്യവസായത്തെ നവീകരിക്കാൻ അതുമൂലം സാധിക്കുമായിരുന്നു. കാഞ്ചീപുരത്തെ പട്ടുസാരികൾപോലെ, കേരളത്തിലെ റെയോൺ സാരികളും ലോകവിപണികളിൽ പ്രിയമുള്ള ഒരു കച്ചവടച്ചരക്കായി ധാരാളം വിദേശനാണയം നേടിത്തരുമായിരുന്നു. അതുണ്ടായില്ല.

വ്യവസായവല്ക്കരണത്തിൻെറ ഫലമായി ജനങ്ങൾക്കു തൊഴിൽ കിട്ടുന്നതു് അധികവും അടിസ്ഥാന വ്യവസായങ്ങളിലല്ല; അനുബന്ധ വ്യവസായങ്ങളിലാണു്. മാവൂരിലെ ഗ്വാളിയർ റയോൺസിൽ നൂലുണ്ടാക്കുക

യും, ആ നൂൽ കേരളത്തിലെ നെയ്ത്തുകാർക്കു ലഭിക്കുകയും വേണമെന്ന്, ആ കമ്പനി സ്ഥാപിക്കുന്ന അവസരത്തിൽ സർക്കാർ വ്യവസ്ഥ ചെയ്യേണ്ടതായിരുന്നു. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ, പരിഷ്കരിച്ച, കയററുമതി അഭിമുഖമായ ഒരു റയോൺ വസ്ത്രവ്യവസായം കേരളത്തിലുമുണ്ടാവുമായിരുന്നു. ജോലിക്കാർക്കു കിട്ടുന്ന കൂലിക്കു പുറമേ എക്സൈസ് ഇനത്തിൽ സർക്കാരിനും വലിയ വരുമാനമുണ്ടായിരുന്നു.

എന്തു ചെയ്യാം? ആ ദീർഘദൃഷ്ടി നമ്മുടെ ആദ്യത്തെ കമ്യൂണിസ്റ്റ് സർക്കാരിന് ഇല്ലാതെപോയി.

ആ സർക്കാർ കാണാതെപോയ മറെറാരു കാര്യവുമുണ്ടായിരുന്നു. ഗ്വാളിയർ റയോൺസ് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഫാക്ടറി എന്തു് ഉല്പാദിപ്പിക്കുമെന്നതുതന്നെ അന്വേഷിക്കാൻ മെനക്കെടാതിരിക്കെ, ആ ഫാക്ടറി എത്രമാത്രം മാലിന്യം സൃഷ്ടിക്കുമെന്നും, അതിൻെറ ഫലമായി പരിസര പ്രദേശങ്ങളിലുള്ള വായുവും വെള്ളവും മണ്ണും എത്രമാത്രം ദുഷിക്കുമെന്നും അവർ അന്വേഷിച്ചില്ലെന്നതിൽ അത്ഭുതപ്പെടാനില്ല; ദുഃഖിക്കാനേ ഉള്ളു.

മരത്തിൽനിന്നും മുളയിൽനിന്നും റയോൺ നാരുകൾ എടുക്കുന്നതിന് ഒട്ടധികം രാസവസ്തുക്കൾ ഉപയോഗിക്കേണ്ടതുണ്ട്. സസ്യ-ജന്തു ജീവിതത്തിന് അത്യന്തം ഹാനികരമായ ഗന്ധകം, രസം എന്നിവ ഈ രാസവസ്തുക്കളിൽപ്പെടുന്നു. ഇവയിൽ വളരെ വലിയ ഒരളവ് പുകയായി വായുവിൽ കലരുന്നു. പുക തിങ്ങി കനത്ത വായു മേലോട്ടുയരാതെ താഴേക്കുവന്നു നിലത്തു പരക്കുന്നു. ഈ വായു ശ്വസിച്ചു സസ്യങ്ങളും മൃഗങ്ങളും മനുഷ്യരും രോഗബാധിതരാകുന്നു. മരങ്ങൾ കായ്ക്കുന്നില്ല. വയലുകളിൽ വിളവില്ല; മുതിർന്നവർ കിടപ്പിലാവുന്നു; കുട്ടികൾ ചാവുന്നു.

ഫാക്ടറിയിൽനിന്നു പുറത്തു വിടുന്ന വെള്ളം നേരിട്ട് ചാലിയാറിലേക്ക് ഒഴുകുന്നു. വെളുത്ത പതയും നുരയും പുഴയിലെ വെള്ളം മറച്ചു പരന്നതു് ആദ്യകാലത്തുതന്നെ ശ്രദ്ധിക്കപ്പെട്ടു. ക്രമേണ പുഴയിലെ മീനുകൾ ചത്തൊടുങ്ങി. വെള്ളം കറുത്തു. അതിൽ കുളിച്ചാൽ ദേഹത്തിൽ മുഴുവൻ ചൊറിയും മററു രോഗങ്ങളും വന്നു തുടങ്ങി. പുഴവെള്ളംകൊണ്ടു വിളകൾ നനയ്ക്കാൻ വയ്യാതായി. പുഴയ്ക്കടുത്തുള്ള കിണറുകളിലും ഈ വിഷജലം നിറഞ്ഞു. അവയിലെ വെള്ളവും കടിക്കാൻ വയ്യാതായി.

കോഴിക്കോട്ടു നഗരത്തിൽ കുഴലുകളിലൂടെ കൊടുക്കുന്നതു് ചാലിയാറിലെ വെള്ളമാണ്. വേനൽക്കാലത്തു്, ഒഴുക്കു കുറയുമ്പോൾ, കോഴിക്കോട്ടെ കുഴൽവെള്ളത്തിലും 'മാവൂർ വിഷം' കലർന്നിട്ടുണ്ടെന്ന് ആളുകൾ ഭയപ്പെട്ടു തുടങ്ങി.

കാളിയൻെറ വിഷംകൊണ്ട് യമുനയ്ക്കു വന്നു ചേർന്നതു് ഗ്വാളിയർ റയോൺസ് കാരണം ചാലിയാറിനും സംഭവിച്ചു. പാവം, ചാലിയാർ ചത്തുകഴിഞ്ഞിരിക്കുന്നു.

ആദ്യകാലംമുതൽ ഇതിനെപ്പററി സർക്കാർ അറിഞ്ഞിരുന്നു. ചാലിയാറിൽ മാലിന്യങ്ങൾ കലരുന്നതിനെപ്പററി അന്വേഷിക്കാൻ വന്ന അന്നത്തെ ചീഫ് എഞ്ചിനീയറായ ശ്രീ കട്യാമുസാഹിബ്ബും ഒരുമിച്ച് ഞാൻ മാവൂർ പുഴയിലൂടെ 1960—കളിൽ സഞ്ചരിച്ചിട്ടുണ്ട്. ജലമാലിന്യത്തെപ്പററി അന്വേഷിച്ച് വേണ്ടതു ചെയ്യുന്നതിന് ഒരു വാട്ടർ പൊല്യൂഷൻ കൺട്രോൾ ബോർഡ് സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡ് ഇക്കാര്യത്തിൽ നടത്തിയ അന്വേഷണങ്ങൾക്കു കണക്കില്ല.

പക്ഷേ, പ്രയോജനമുണ്ടായില്ല. നടപടി എടുക്കാൻ അധികാരമുള്ളവരെ സ്വാധീനിക്കാൻ കമ്പനി മാനേജുമെൻറിന് എന്നും കഴിഞ്ഞു. അവർ രാഷ്ട്രീയകക്ഷികൾക്ക് ഉദാരമായി സംഭാവനകൾ നൽകി. പലർക്കും ഉദ്യോഗങ്ങൾ കൊടുത്തു. ഒരു ദരിദ്രവ്യവസ്ഥിതിയിൽ പല

തന്ന കൊച്ചുമനുഷ്യരെ സന്തോഷിപ്പിക്കാൻ വലിയ ഒരു കമ്പനിക്കുണ്ടോ പ്രയാസം?

ക്രമേണ നാട്ടുകാർ ഉണർന്നു. പഞ്ചായത്തടിസ്ഥാനത്തിൽ അവർ സമരങ്ങൾ സംഘടിപ്പിച്ചു തുടങ്ങി. ശാസ്ത്രസാഹിത്യ പരിഷത്ത് എന്ന വൈജ്ഞാനിക സംഘടനയിലെ യുവപ്രവർത്തകർ അവരെ സഹായിച്ചു. പരിസരമലിനീകരണത്തിന്നെതിരെ പത്രങ്ങൾ ശബ്ദമുയർത്തി. സംഗതികൾ നിയമലംഘനംവരെ നീങ്ങി. ചിലർ കോടതി കയറി

മലിനജലം അങ്ങനെതന്നെ പുഴയിൽ ഒഴുക്കുകയില്ലെന്ന് കമ്പനിക്കു സമ്മതിക്കേണ്ടിവന്നു. അതു കുറെയൊക്കെ ശുദ്ധീകരിച്ചേ പുഴയിലേക്കു വിടുകയുള്ളു എന്ന് അവർ ഏററു. അതിനുള്ള ചില സംവിധാനങ്ങളും ഏർപ്പെടുത്തി.

ഈ സംവിധാനങ്ങൾ ശരിക്കു പ്രവർത്തിക്കില്ലെന്നാണു കാണുന്നതു്. വേനൽ പിറന്നു്, ചാലിയാററിൽ വെള്ളം കുറഞ്ഞു തുടങ്ങിയതോടെ, ജലമലിനീകരണം വലിയ ഒരു വിപത്തായിക്കഴിഞ്ഞിരിക്കുന്നു. ചുങ്കപ്പള്ളി എന്ന സ്ഥലത്താണു് പൈപ്പിലൂടെ വിഷജലം പുഴയിലേക്കു് ഒഴുകുന്നതു്. ഈ സ്ഥലത്തുനിന്നു് ഒരുമൈൽ അകലെവെച്ചു്, പ്രക്ഷുബ്ധരായ ജനങ്ങൾ ജനുവരി 13-ാം തീയതി മലിനജലം ഒഴുക്കുന്ന പൈപ്പ് തകർത്തുകളഞ്ഞു.

പെരുവയൽ പഞ്ചായത്തിലെ മാലിന്യബാധിത പ്രദേശങ്ങൾ സന്ദർശിച്ച ശേഷം ജനവരി 14—ലെ 'ഹിന്ദു'പത്രത്തിൽ അതിൻെറ ലേഖകൻ എഴുതിയ റിപ്പോർട്ട് പല വസ്തുതകളും വെളിച്ചത്തു കൊണ്ടു വരുന്നുണ്ടു്. ഏട്ടു പഞ്ചായത്തുകൾ ഈ മലിനീകരണംകൊണ്ടു കഷ്ടപ്പെടുന്നു. വിഷപ്പുക ശ്വസിച്ചു് ശ്വാസകോശങ്ങളും ഹൃദയങ്ങളും തകർന്നവർ ഇവിടെ വളരെപ്പേരുണ്ടു്. ചാലിയാററിലെ വെള്ളം കുടിച്ചു ഉടനെ ചത്തുപോയ പോത്തുകളെപ്പററിയാണു് ചിലർക്കു പറയാനുള്ളതു്. ആ പുഴയിൽ മീൻ പിടിച്ചും കക്ക വാരിയും കഴിഞ്ഞുകൂടിയിരുന്നവർക്കു് കൊററു മുട്ടിയിരിക്കുന്നു. ചിലർക്കു് ഒരു പ്രത്യേകതരം പക്ഷവാതം പിടിപെട്ടിരിക്കുന്നു. എത്രയോ കുട്ടികൾ ആസ്പത്രിയിലായിരിക്കുന്നു. പുഴയിൽ ചത്തുപൊന്തിയ മീൻ തിന്നുന്ന കാക്കകൾ ഉടൻ ചത്തു വീഴുന്നു.

ചാലിയാററിലെ മാലിന്യം കോഴിക്കോട്ടുനഗരത്തിലെ കുടിവെള്ളത്തെക്കൂടി ബാധിച്ചേക്കുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു എന്നു് കോഴിക്കോട്ടു കളക്ടർ മുഖ്യമന്ത്രിക്കും ആരോഗ്യമന്ത്രിക്കും അടിയന്തരസന്ദേശങ്ങൾ അയച്ചിരിക്കുന്നു.

വാട്ടർ പൊല്യൂഷൻ കൺട്രോൾ ബോർഡിൻെറ അനാസ്ഥയിൽ ആ ബോർഡിലെ രണ്ടു് അനൗദ്യോഗികാംഗങ്ങൾ ആശങ്ക പ്രകടിപ്പിച്ചിരിക്കുന്നു.

പക്ഷേ, ബിർളയുടെ ഒരു സ്ഥാപനത്തിനെതിരായി നീങ്ങാൻ കേരളസർക്കാർ ഒരുങ്ങുമോ?

ഇരുപതു കൊല്ലമായി ഈ ചോദ്യം നമ്മുടെ മുന്നിലുണ്ടു്. ഇതുവരെ അതിനു കിട്ടിപ്പോന്നിട്ടുള്ളതു് 'ഇല്ല' എന്ന ഒരേ ഉത്തരമാണു്.